(ബി) പി.എസ്.സി.-യിൽ നിന്ന് അഡ്വൈസ് ലഭിച്ച് നിയമിക്കപ്പെട്ടവർക്ക് ആദ്യം അഡ്വൈസ്ഡ് ഏംപാനൽ തലക്കെട്ടിൽ 110 രൂപ നിരക്കിലും പിന്നീട് മുൻകാല പ്രാബല്യം നൽകി അഡ്വൈസ് ലഭിച്ച് നിയമിക്കപ്പെട്ട ദിവസം മുതൽ ശമ്പള സ്കെയിൽ നൽകിയിരുന്നോ;

(സി) എങ്കിൽ പ്രസ്തുത കാലയളവിൽ കെ.എസ്.ആർ.ടി.സി.-യിൽ ജോലി നോക്കിയ കണ്ടക്ടർമാർക്ക് ശമ്പള സ്കെയിൽ നൽകിയപ്പോൾ ഇവിടെ നിന്നും ഡെപ്യൂട്ടേഷനിൽ പേഴ്സണൽ സ്റ്റാഫിലേക്ക് പോയ ആൾക്കും പ്രസ്തുത സ്കെയിലിൽ ശമ്പളം നൽകേണ്ടതല്ലേയെന്നത് വ്യക്തമാക്കുമോ?

ഉത്തരം

(എ) 3050-6075 സ്കെയിലിലാണ് ശമ്പളം നൽകിയിട്ടുള്ളത്.

(ബി) നൽകിയിരുന്നു.

(സി) ഡെപ്യൂട്ടേഷനിൽ പോകുന്ന വ്യക്തിക്ക് മാതൃവകുപ്പിൽ ലഭിച്ചുകൊണ്ടിരുന്ന ശമ്പള സ്കെയിലിൽ ശമ്പളം ലഭിക്കുന്നതിന് അർഹതയുണ്ട്.

കെ.എസ്.ആർ.ടി.സി. പെയിന്റർ ഗ്രേഡ് - II നിയമനം

334 (340) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. പെയിന്റർ ഗ്രേഡ് - II തസ്തികയിൽ താൽക്കാലിക നിയമനം വഴി എത്ര പേർ ജോലി ചെയ്യുന്നുണ്ട്; സ്ഥിരം നിയമനത്തിനുള്ള എത്ര ഒഴിവുകളാണ് നിലവിലുള്ളത് എന്ന് അറിയിക്കാമോ ;

(ബി) പി.എസ്.സി. മുഖാന്തരം ഈ തസ്തികയിൽ ഈ വർഷം എത്ര പേർക്കാണ് നിയമനം നൽകിയിട്ടുള്ളത്; ബാക്കിയുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം.

(എ) കെ.എസ്.ആർ.ടി.സി. പെയിന്റർ ഗ്രേഡ്-II തസ്തികയിൽ താൽക്കാലിക നിയമനം വഴി ഏഴുപത് പേർ ജോലി ചെയ്യുന്നുണ്ട്. സ്ഥിര നിയമനത്തിനുള്ള ആറ് (6) ഒഴിവുകളാണ് നിലവിലുള്ളത്.

(ബി) പി.എസ്.സി. മുഖാന്തരം ഈ തസ്തികയിൽ ഈ വർഷം (2015) 3 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്നും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly